# പതിനഞ്ചാം കേരള നിയമസഭ

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനാറാമത് റിപ്പോർട്ട്

**(2025 മാർച്ച് 2൦ -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ടിലെ (ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

പതിനാറാമത് റിപ്പോർട്ട്

(2025 മാർച്ച് 20 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ടിലെ (ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം

പേജ്


സമിതിയുടെ ഘടന :

ആമുഖം :

റിപ്പോർട്ട് :

# സി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഘടന

**അദ്ധ്യക്ഷൻ:**

ശ്രീ. എ.സി. മൊയ്തീൻ, എം.എൽ.എ.

**അംഗങ്ങൾ:**

ശ്രീ. എ.കെ.എം. അഷ്റഫ്, എം.എൽ.എ.

ഡോ. കെ. ടി. ജലീൽ, എം.എൽ.എ.

ശ്രീ. മാണി സി. കാപ്പൻ, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ .എൻ .കൃഷ്ണ കുമാർ ,സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി.

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷീജ പി.കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ ചെയർപേഴ്സൺ ആയ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ട് 28.06.2018-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത് . ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളിലായാണ് തയ്യാറാക്കിയിട്ടുള്ളത്. സമിതി റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും ഒന്നാം അദ്ധ്യായ ത്തിലും, ഇനിയും മറുപടി ലഭ്യമാകാനുള്ള ശിപാർശകൾ /അധികവിവരം ആരാഞ്ഞത് സംബന്ധിച്ച വിശദാംശങ്ങൾ രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 മാർച്ച് 17 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2025 മാർച്ച് 20

എ.സി. മൊയ്തീൻ,
ചെയർപേഴ്സൺ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

ചെന്നൈയിലെ മലയാളി സമൂഹത്തിന്റെ ജീവിതസാഹചര്യങ്ങളും അവർ നേരിടുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കുന്നതിനും കൂടാതെ സർക്കാർ നടപ്പിലാക്കുന്ന പ്രവാസിക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലം എത്രത്തോളം ചെന്നൈ മലയാളികൾക്ക് ലഭ്യമാകുന്നുണ്ടെന്നും വിലയിരുത്തുന്നതിനുമായി സമിതി 2018 ജൂൺ മാസം 28-ാം തീയതി ചെന്നൈ സന്ദർശിക്കുകയും അവിടെയുള്ള മലയാളികളുമായും അവരുടെ സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും സമിതി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും നിരീക്ഷണങ്ങളും ശിപാർശകളും ഉൾപ്പെടുത്തി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ട് (ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്) 2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണ് ഉണ്ടായിരുന്നത്. ആയതിൽ, ശിപാർശ നമ്പർ 7 ഒഴികെ എല്ലാ ശിപാർശകളിന്മേലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുകയും ആയത് 11.03.2020, 26.07.2022, 26.07.2023, 22.03.2024 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ (2016-19) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും അദ്ധ്യായം-I ആയും, റിപ്പോർട്ടിന്മേൽ ഗവൺമെന്റിൽ നിന്നും ഇനിയും മറുപടി ലഭ്യമാകാനുള്ള ശിപാർശകൾ/അധികവിവരം ആരാഞ്ഞത് സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം - I

സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

### ശിപാർശ - 1

ചെന്നൈയിൽ പ്രവർത്തിക്കുന്ന നോർക്ക ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും അതുവഴി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിനെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

നിലവിൽ ചെന്നൈ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ മറുനാടൻ മലയാളികൾക്ക് ഒരു കൈതാങ്ങ് എന്ന നിലയിൽ ആണ് ചെന്നൈ ഓഫീസ് പ്രവർത്തിക്കുന്നത്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ ജീവനക്കാരെ നിയമിച്ച് ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 14.03.2019-ലെ ബി1/04/2019/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-ലെ യോഗത്തിൽ അംഗീകരിച്ചു.]

### ശിപാർശ - 2

കേരളത്തിലെ പ്രധാന നഗരങ്ങളിൽ നിന്ന് ചെന്നൈയിലേയ്ക്കും തിരിച്ചും കൂടുതൽ യാത്രക്കാർ ലഭ്യമാകുന്ന സ്ഥലങ്ങൾ/റൂട്ടുകൾ സംബന്ധിച്ച് പഠനം നടത്തി, ലാഭകരമാകുന്ന റൂട്ടുകളിലൂടെ കെ.എസ്.ആർ.റ്റി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്നും, ഉത്സവ/വിശേഷാവസരങ്ങളിലും വാരാന്ത്യങ്ങളിലും ചെന്നൈയിൽ നിന്നും സംസ്ഥാനത്തേയ്ക്ക് പ്രത്യേക ബസ് സർവ്വീസ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

കേരളത്തിലെ പ്രധാന നഗരങ്ങളിൽ നിന്നും ചെന്നൈയിലേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നുണ്ടെന്നും യാത്രക്കാരുടെ തിരക്കനുഭവപ്പെടുന്ന ഉത്സവ/വിശേഷ അവസരങ്ങളിലും, വാരാന്ത്യ ദിവസങ്ങളിലും കൂടുതൽ സർവ്വീസുകൾ നടത്തി വരുന്നുണ്ടെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

[ഗതാഗത (എ) വകുപ്പ് 09.01.2024-ലെ TRANA4/35/2020/TRANS നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 22.03.2024-ലെ യോഗത്തിൽ അംഗീകരിച്ചു.]

**ശിപാർശ - 3**

നോർക്ക-റൂട്ട്സ്, പ്രവാസിക്ഷേമ ബോർഡ് എന്നിവയിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചും പ്രവാസികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുമുള്ള ലഘുലേഖകൾ ചെന്നൈയിലുൾപ്പെടെയുള്ള മറുനാടൻ മലയാളികൾക്കിടയിൽ വിതരണം ചെയ്യുകയും, ഇതു സംബന്ധിച്ച ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

നോർക്ക റൂട്ട്സ് നടപ്പിലാക്കി വരുന്ന എല്ലാ ക്ഷേമ പദ്ധതികളെക്കുറിച്ചും, പ്രവാസികൾക്ക് ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളെ സംബന്ധിച്ചുമുള്ള ലഘുലേഖകൾ ചെന്നൈയുൾപ്പെടെയുള്ള മറുനാടൻ മലയാളികൾക്കിടയിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച ബോധവത്ക്കരണ പരിപാടികളും കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള ലഘുലേഖ തയ്യാറാക്കിയിട്ടുണ്ട്. ചെന്നൈയിലും മലയാളികൾ കൂടുതലായി കണ്ടുവരുന്ന മറ്റ് സംസ്ഥാനങ്ങളിലും ബോധവത്കരണ പരിപാടികളും അംഗത്വ കാമ്പയിനും സംഘടിപ്പിക്കുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 14.03.2019-ലെ ബി1/04/2019/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-ലെ യോഗത്തിൽ അംഗീകരിച്ചു.]

**ശിപാർശ - 4**

നോർക്ക അംഗത്വം നൽകലും കാർഡുവിതരണവും സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

നോർക്ക റൂട്ട്സിന്റെ ഐഡി കാർഡ് വിതരണം നടത്തുന്നതിൽ നിലവിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഡ് വിതരണം സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നിലവിൽ അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് 15 ദിവസത്തിനകം തന്നെ അംഗത്വ അംശദായ അടവ് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 14.03.2019-ലെ ബി1/04/2019/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-ലെ യോഗത്തിൽ അംഗീകരിച്ചു.]

**ശിപാർശ - 5**

ചെന്നൈയിലെ മലയാളം മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും അദ്ധ്യാപകർക്ക് അർഹമായ ഓണറേറിയം, റ്റി.എ. എന്നിവ നൽകുന്നതിനും, വേണ്ടത്ര പുസ്തകങ്ങളും പരിശീലനവും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

തമിഴ്നാട് ചാപ്റ്റർ രൂപീകരണയോഗം 2018 ആഗസ്റ്റ് 5-ന് മദിരാശി കേരള സമാജത്തിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ തമിഴ്നാട് ചാപ്റ്ററിനെ 18 മേഖലകളാക്കി തിരിക്കുകയും ടി മേഖലകളിലെല്ലാം യഥാസമയങ്ങളിൽ പരീക്ഷകൾ അധ്യാപക പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ഓരോ

മേഖലകളിൽ നിന്നും മേഖലാ കോ-ഓർഡിനേറ്റർ ആവശ്യപ്പെടുന്നതനുസരിച്ചുള്ള പുസ്തകങ്ങൾ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും തമിഴ്നാട് ചാപ്റ്ററിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമുള്ള പിന്തുണ മലയാളം മിഷന്റെ ഭാഗത്തുനിന്നും നൽകുന്നതാണ്.

[സാംസ്കാരികകാര്യ (സി) വകുപ്പ് 15.05.2019-ലെ സി1/34/19-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-ലെ യോഗത്തിൽ അംഗീകരിച്ചു.]

## ശിപാർശ 6

കേരളത്തിലെ സംഗീത-നാടക അക്കാദമി പോലെയുള്ള കലാ-സാംസ്കാരിക സ്ഥാപനങ്ങൾ ചെന്നൈയിലെ ഉൾപ്പെടെ മലയാളി കലാകാരന്മാർക്കുകൂടി പ്രോത്സാഹനം നൽകുന്നതിനുതകുന്ന പരിപാടികൾ ആവിഷ്കരിക്കണമെന്നും അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

ചെന്നൈയിലെ ഉൾപ്പെടെ മറുനാടൻ മലയാളി കലാകാരന്മാർക്കു കൂടി പ്രോത്സാഹനം നൽകുന്നതിനുതകുന്ന പരിപാടികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### കേരള ലളിതകലാ അക്കാദമി

കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്ന മിക്കവാറും ദേശീയ അന്തർ സംസ്ഥാന കലാ ക്യാമ്പുകളിലും സെമിനാറുകളിലും ഇത്തരത്തിൽ മറുനാടൻ മലയാളികളുടെ പ്രാതിനിധ്യം ഉറപ്പാക്കാറുണ്ട്. സമീപകാലത്ത് ബാംഗ്ളൂർ, ചോളമണ്ഡലം, ന്യൂഡൽഹി എന്നിവിടങ്ങളിൽ സംഘടിപ്പിച്ച ക്യാമ്പുകളിൽ മറുനാടൻ മലയാളികളും പങ്കെടുത്തിരുന്നു. അക്കാദമി സംഘടിപ്പിക്കുന്ന സെമിനാറുകളിൽ പലപ്പോഴും പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത് മറുനാട്ടുകളിൽ താമസിക്കുന്ന കലാ നിരൂപകരോ കലാകാരന്മാരോ ആയിരിക്കും.

**കേരള സംഗീതനാടക അക്കാദമി**

കേരള സംഗീതനാടക അക്കാദമി കേരളത്തിനു പുറത്തുള്ള കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും കലാഭിരുചികൾ വളർത്തുന്നതിനുമായി ഡൽഹി, മുംബൈ, കൽക്കട്ട, ബാംഗ്ളൂർ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി 4 മേഖലകളായി തിരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പ്രവാസി കലാകാരന്മാർക്കായി പശ്ചിമമേഖല, ദക്ഷിണമേഖല, ഉത്തരമേഖല, പൂർവ്വമേഖല എന്നിങ്ങനെ 4 കേന്ദ്രങ്ങളിൽ പ്രവാസി അമേച്വർ നാടക മത്സരവും എല്ലാ വർഷവും നടത്തുന്നുണ്ട്.

**കേരള ഫോക് ലോർ അക്കാദമി**

അക്കാദമിയുടെ പരിപാടികൾ തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്ററുമായി ബന്ധപ്പെട്ട് ചെന്നൈ, ഹൈദരാബാദ്, ഒഡീഷ എന്നിവിടങ്ങളിൽ പരിപാടികൾ സ്പോൺസർ ചെയ്യുകയും പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യാറുണ്ട്. ഇത്തരം പരിപാടികളിൽ മറുനാടൻ മലയാളി അസോസിയേഷൻ ഉണ്ടെങ്കിൽ അവയ്ക്കും പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകാൻ ഉദ്ദേശിക്കുന്നു.

**ഭാരത് ഭവൻ**

കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ ആന്ധ്രാപ്രദേശ്, ഹിമാചൽപ്രദേശ്, തമിഴ്നാട്, ഒറീസ്സ, കർണ്ണാടക, ഡൽഹി, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇതിനോടകം സംഘടിപ്പിച്ച വിവിധ സാംസ്കാരിക വിനിമയ അവതരണങ്ങൾ എല്ലാം അവിടെയുള്ള മറുനാടൻ മലയാളി കലാകാരന്മാരെ കൂടി ഉൾപ്പെടുത്തി സംഘടിപ്പിച്ചവ ആയിരുന്നു.

2020 ജനുവരി 24, 25, 26 തീയതികളിൽ സാംസ്കാരിക വകുപ്പ്, ഭാരത് ഭവൻ, മലയാളം മിഷൻ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തിൽ ഒരുക്കിയ കേരള തമിഴ്നാട് ഫെസ്റ്റിൽ ചെന്നൈയിലെ മലയാളി കലാകാരന്മാരുടെ സാംസ്കാരിക അവതരണങ്ങൾക്ക് പുറമെ മലയാള സാംസ്കാരികതയ്ക്ക് സംഭാവന നൽകിയ ചെന്നൈയിലെ 17 വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുകയും ചെയ്തിരുന്നു.

സാംസ്കാരികകാര്യ (എ) വകുപ്പ് 18.11.2020-ലെ എ 1/39/2019/സാം.കാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 26.07.2022-ലെ യോഗത്തിൽ പരിഗണിച്ച സമിതി താഴെപ്പറയും പ്രകാരം അധികവിവരം ആരായുകയുണ്ടായി.

**സമിതി ആരാഞ്ഞ അധികവിവരം**

സാംസ്കാരികകാര്യ വകുപ്പിനു കീഴിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ ഈ വർഷം (2022 വർഷം) മറുനാടൻ മലയാളികളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചുവെന്നും പരിപാടി സംഘടിപ്പിക്കുമ്പോൾ മലയാളി കലാകാരന്മാരുടെ സംഘടനകൾക്ക് ആയതു സംബന്ധിച്ച് അറിയിപ്പ് നൽകാറുണ്ടോയെന്നുമുള്ള വിവരങ്ങൾ സാംസ്കാരികകാര്യവകുപ്പിനോട് ആരാഞ്ഞു.

പ്രസ്തുത അധികവിവരത്തിന്മേലുള്ള മറുപടി സാംസ്കാരികകാര്യ വകുപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

**ശിപാർശ 8**

തമിഴ്നാട്ടിലെ മലയാളി സ്ത്രീകളുടെ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അവയ്ക്കു കുടുംബശ്രീ മിഷന്റെ രജിസ്ട്രേഷൻ നൽകി തൊഴിൽ പരിശീലനം ലഭ്യമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സഹായങ്ങൾ നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികളുടെ കൂട്ടായ്മകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനോ കുടുംബശ്രീ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോ നിയമപരമായി കഴിയില്ല. എന്നാൽ തമിഴ്നാട്ടിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് തമിഴ്നാട്ടിലെ ഉപജീവന പദ്ധതികളുടെ ഭാഗമായി നടത്തുന്ന വൈദഗ്ദ്യ പരിശീലനത്തിൽ ചേരുന്നതിന് സാദ്ധ്യമാകുന്നതാണ്.

[തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ് 21.12.2019-ലെ ഐ.എ 1/185/2019/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-

ലെ യോഗത്തിൽ അംഗീകരിച്ചു.]

**ശിപാർശ - 9**

ചെന്നൈ മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ആവഡി റെയിൽവേ സ്റ്റേഷനിൽ തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും, ഇപ്പോൾ താംബരത്തുനിന്നും യാത്രതിരിക്കുന്ന ട്രെയിനുകൾ എഗ്മോറിൽ നിന്നും ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തമിഴ്നാട് സർക്കാരിലും, റെയിൽവേയിലും സമ്മർദ്ദം ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

സമിതി ശിപാർശയിന്മേൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോടും റെയിൽവേ ബോർഡ് ചെയർമാനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

[ഗതാഗത (ഡി) വകുപ്പ് 03.07.2020-ലെ ഡി2/12/2020/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 26.07.2022-ലെ യോഗത്തിൽ അംഗീകരിച്ചു.]

**ശിപാർശ 10**

കെ.എസ്.എഫ്.ഇ. നടത്തുന്ന പ്രവാസി ചിട്ടികളിൽ മറുനാടൻ മലയാളികളെ ഉൾപ്പെടുത്തണമെന്നും, ചെന്നൈയിൽ കെ.എസ്.എഫ്.ഇ. ശാഖ തുടങ്ങണമെന്ന ചെന്നൈ മലയാളികളുടെ ആവശ്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ ഇപ്പോൾ ലക്ഷ്യം വെയ്ക്കുന്നത് രാജ്യത്തിനു പുറത്തുള്ള മലയാളികളെയാണ്. എന്നാൽ അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിനു പുറത്ത്, രാജ്യത്തിനുള്ളിൽ വസിക്കുന്ന പ്രവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു പുറത്ത് ശാഖകൾ തുടങ്ങുന്നതിന് സർഫേസി ആക്റ്റ് അടക്കമുള്ള കാര്യങ്ങളിൽ നിയമാനുകൂല്യം ലഭിക്കേണ്ടതായിട്ടുള്ളതിനാൽ വളരെപ്പെട്ടെന്ന് അത് സാധിക്കുന്നതല്ല. എന്നാൽ

സാന്ദ്രത കൂടുതൽ ഉള്ള സ്ഥലങ്ങളിലും ശാഖകൾ ആരംഭിക്കാനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു.

നികുതി (എച്ച്) വകുപ്പ് 07.01.2022-ലെ എച്ച്2/90/2019/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 26.07.2022-ലെ യോഗത്തിൽ പരിഗണിച്ച സമിതി, ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയുണ്ടായി

**<u>സമിതി ആരാഞ്ഞ അധികവിവരം</u>**

രാജ്യത്തെ മെട്രോ നഗരങ്ങളിലും പ്രവാസി സാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിലും കെ.എസ്.എഫ്.ഇ ശാഖകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളും ഇതു സംബന്ധിച്ച നിലവിലെ സ്ഥിതിയും നികുതി വകുപ്പിനോട് ആരാഞ്ഞു.

**<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>**

രാജ്യത്തെ മെട്രോ നഗരങ്ങളിലും മലയാളികൾ കൂടുതൽ വസിക്കുന്ന മറ്റു സ്ഥലങ്ങളിലും കെ.എസ്.എഫ്.ഇ യുടെ ശാഖകൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിൽ മുൻപുണ്ടായിരുന്നു. എന്നാൽ നിയമപരമായ, പ്രത്യേകിച്ച് കുടിശ്ശിക പിരിവിനായുള്ള സർഫാസി ആക്ട് ഉൾപ്പെടെയുള്ള അംഗീകാരങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ലഭിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ കമ്പനിയ്ക്ക് അനുകൂലമായ തീരുമാനമെടുക്കുന്നതിനായി കേന്ദ്ര സർക്കാരുമായി എഴുത്തുകുത്തുകൾ നടന്നു വരികയാണ്.

കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി എന്ന പേരിൽ ഒരു ഓൺലൈൻ ചിട്ടി പദ്ധതി 2019 മുതൽ കെ.എസ്.എഫ്.ഇ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി മറ്റു സംസ്ഥാനങ്ങളിൽ വസിക്കുന്ന മലയാളികൾക്ക് ഓൺലൈനായി തന്നെ ചിട്ടിയിൽ ചേരുന്നതിനും പണമടയ്ക്കുന്നതിനും, ലേലത്തിൽ പങ്കെടുക്കുന്നതിനും സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **www.pravasi.ksfe.com** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

[നികുതി(എച്ച്) വകുപ്പ് 16.05.2023-ലെ എച്ച്2/90/2019/ടാക്സസ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 26.07.2023-ലെ

യോഗത്തിൽ അംഗീകരിച്ചു.]

## ശിപാർശ 11

ചെന്നൈയിലെ ആശുപത്രികളിൽ ചികിത്സയ്ക്ക് ചെല്ലുന്നവരുൾപ്പെടെയുള്ള മലയാളികൾക്ക് ചെന്നൈ കേരളാ ഹൗസിൽ സൗജന്യ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കണമെന്നും, ഒരാഴ്ച മുമ്പ് മുറി ബുക്ക് ചെയ്തിരിക്കണമെന്ന നിബന്ധന ഒഴിവാക്കി ലഭ്യതയനുസരിച്ച് മുറികൾ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

നിലവിൽ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ചെന്നൈ ഹോട്ടലിലുള്ള മുറികളിൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് വഴി നല്കാൻ അനുവദിച്ചിട്ടുള്ള പത്ത് മുറികളിൽ അക്കോമഡേഷൻ നൽകുന്നതിന് ഒരാഴ്ച മുൻകൂറായി ബുക്ക് ചെയ്യണം എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ചെന്നൈയിലെ 55 സെന്റ് സ്ഥലം 99 വർഷത്തെ പാട്ടക്കരാറിന് കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനു കൈമാറിയ 18.06.1998 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ.)നം. 385/98/പൊ.ഭ.വ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള Running of Guest House 2.2 യിലും കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനു ചെന്നൈയിൽ ഹോട്ടൽ നിർമ്മാണത്തിന് അനുമതി നൽകിയ 03.11.2016 തീയതിയിലെ സ.ഉ.(കൈ)നം.315/2006/ടൂറിസം ലെ ക്രമ നം.(iii)ലും ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും, ഗസ്റ്റുകൾക്കുമുള്ള കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ചെന്നൈ ഹോട്ടലിലുള്ള മുറികളിൽ പൊതുഭരണ(പൊളിറ്റിക്കൽ) വകുപ്പ് വഴി നല്കാൻ അനുവദിച്ചിട്ടുള്ള പത്ത് മുറികളിൽ അക്കോമഡേഷൻ നൽകുന്നതിന് ഏഴ് ദിവസത്തെ അഡ്വാൻസ് നോട്ടീസ് നൽകണമെന്നും ന്യൂ ഡൽഹി കേരള ഹൗസിൽ ബാധകമായിട്ടുള്ള നോർമൽ റേറ്റ് തന്നെ ഇവിടെ കെ.ടി.ഡി.സി.യിലും ബാധകമാക്കിയിട്ടുള്ളതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മന്ത്രിസഭായോഗം കൂടി എടുത്ത തീരുമാന പ്രകാരമാണ് മേൽ പറഞ്ഞ ഉത്തരവുകളിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയത് എന്ന വിവരവും അറിയിക്കുന്നു.

ചെന്നൈയിലെ ആശുപത്രികളിൽ ചികിത്സക്ക ചെല്ലുന്നവരുൾപ്പെടെയുള്ള മലയാളികൾക്ക ചെന്നൈ കേരളാ ഹൗസിൽ സൗജന്യ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കണമെന്നും ഒരാഴ്ച മുമ്പ് മുറി ബുക്ക് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കി ലഭ്യമതയനുസരിച്ച് മുറികൾ അനുവദിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ നടപ്പിൽ വരുത്തുന്നതിനുള്ള പ്രായോഗിക വിഷമത കണക്കിലെടുത്ത് നിലവിലെ ഈ സ്ഥിതി തുടരുന്നതിന അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[ടൂറിസം(ബി) വകുപ്പ് 19.06.2019-ലെ ടൂർ/ബി1/24/2019/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 11.03.2020-ലെ യോഗത്തിൽ അംഗീകരിച്ചു]

## അധ്യായം - II

### റിപ്പോർട്ടിന്മേൽ ഇനിയും മറുപടി ലഭ്യമാകാതെയുള്ള ശിപാർശകളും അധികവിവരം ആവശ്യപ്പെട്ടതും സംബന്ധിച്ച വിശദാംശം

### ശിപാർശ നം. 7

കേരളത്തിലെ ഈഴവ സമുദായവും, കന്യാകുമാരി ജില്ലയിലെ ഈഴവ സമുദായവും ഒന്നാണോയെന്ന് പരിശോധിക്കുന്നതിനും, അപ്രകാരം ഒന്നാണ് എന്നു കാണുന്നപക്ഷം അതു തമിഴ്നാട് സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനും ഈഴവ വിഭാഗത്തിന് ലഭിക്കുന്ന സംവരണാനുകൂല്യം ഈഴവ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

സാംസ്കാരികകാര്യ വകുപ്പിനു കീഴിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ ഈ വർഷം (2022 വർഷം) മറുനാടൻ മലയാളികളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചുവെന്നും പരിപാടി സംഘടിപ്പിക്കുമ്പോൾ മലയാളി കലാകാരന്മാരുടെ സംഘടനകൾക്ക് ആയതു സംബന്ധിച്ച് അറിയിപ്പ് നൽകാറുണ്ടോയെന്നുമുള്ള വിവരങ്ങൾ വകുപ്പിനോട് ആരാഞ്ഞു.

സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 7-ന് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ ശിപാർശ നമ്പർ 6-ന്മേൽ സാംസ്കാരികകാര്യ(എ) വകുപ്പിൽ നിന്നും 18.11.2020-ലെ കത്തു പ്രകാരം ലഭിച്ച മറുപടിയിന്മേൽ സമിതിയുടെ 26.07.2022-ലെ യോഗം ആരാഞ്ഞ അധികവിവരത്തിന് പ്രസ്തുത വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ ശിപാർശയിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും ബന്ധപ്പെട്ട വകുപ്പുകൾ (പിന്നാക്ക വിഭാഗ വികസനം, സാംസ്കാരികകാര്യം) സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
17.3.2025

എ. സി. മൊയ്തീൻ,
ചെയർപേഴ്സൺ,
പ്രവാസി മലയാളികളുടെ ക്ഷേമം
സംബന്ധിച്ച സമിതി